ഉത്തരം

സംസ്ഥാനത്ത് നിലവിലുള്ള ഐ. ടി. സി. കളിൽ ഈ അദ്ധ്യയന വർഷത്തിൽ കൂടുതലായി ട്രേഡുകൾ അനുവദിക്കുന്നതിനു വേണ്ടി ഐ. ടി. സി. കളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുകയും, അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങൾ അഫിലിയേഷൻ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ച് tപസ്തുത ട്രേഡുകൾ തുടങ്ങുന്നതിനാവശ്യമായ ഉപകരണങ്ങൾ, സ്ഥല സൗകര്യം തുടങ്ങിയ എല്ലാ ക്രമീകരണങ്ങളും ചെയ്ത സ്ഥാപനങ്ങൾക്ക് അവ തുടങ്ങുന്നതിനുവേണ്ടി അനുവാദം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ പത്തു സ്ഥാപനങ്ങളിൽ പത്തു ട്രേഡുകൾ തുടങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

1983-ലെ മദ്യഷാപ്പ് ലേലം

1008 [1899] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86 സാമ്പത്തിക വർഷത്തിൽ മദ്യഷാപ്പും (വിദേശമദ്യം, കള്ള് ഉൾപ്പെടെ) ലേലം ചെയ്ത വകയിൽ സർക്കാരിന് ലഭിക്കേണ്ടിയിരുന്ന തുക എത്രയായിരുന്നു;

(ബി) 1985-86-ൽ പ്രസ്തുത ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുക എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 72,34,39,751 രൂപ.

(ബി) 71,68,34,341 രൂപ 15 പൈസ.

ചാരായഷാപ്പുകളും വിദേശമദ്യഷാപ്പുകളും പ്രവർത്തിക്കുന്നതിലെ വ്യവസ്ഥ

1009 [1900] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ചാരായഷാപ്പുകളും കള്ളുഷാപ്പുകളും വിദ്യാലയങ്ങളുടേയും, ആരാധനാലയങ്ങളുടേയും 400 മീറ്റർ അകലങ്ങളിൽ മാത്രമേ പ്രവർത്തിക്കാവൂ എന്ന നിബന്ധന വിദേശ മദ്യ മൊത്ത വിൽപ്പന ശാലകൾക്കും, വിദേശ മദ്യ ബാറുകൾക്കും കൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിലുള്ള നിബന്ധന മാറ്റാൻ ഇപ്പോൾ ഉദ്ദേശമില്ല.

വിവിധയിനം മദ്യഷാപ്പുകൾ

1010 [1901] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളുഷാപ്പുകളും, ഉപഷാപ്പുകളും, ചാരായഷാപ്പുകളും, വിദേശ മദ്യ ഷാപ്പുകളും, റീട്ടെയിൽ ഷാപ്പുകളും മൊത്ത വിതരണ ഷാപ്പുകളും ബാറുകളും എത്രവീതം നിലവിലുണ്ട്;

(ബി) സംസ്ഥാനത്ത് ദിവസേന വിലകുന്ന കള്ള്, ചാരായം, വിദേശമദ്യം എന്നിവ ശരാശരി എത്രവീതം എന്നു പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു കേരളീയൻ ദിവസേന ശരാശരി എത്ര കള്ള്, ചാരായം, വിദേശ മദ്യം എന്നിവ കഴിക്കുന്നുണ്ട് എന്ന് പറയാമോ;

(ഡി) മദ്യപാനാസക്തി കേരളീയരിൽ കുറയ്ക്കുന്നതിന് ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം അനുവദിച്ചിട്ടുള്ള മദ്യഷാപ്പുകളുടെ എണ്ണം താഴെ പറയുന്നു:

കള്ളുഷാപ്പുകൾ	2454
ഉപഷാപ്പുകൾ	284
ചാരായഷാപ്പുകൾ	1834
വിദേശമദ്യവിൽപ്പനശാലകൾ	134
വിദേശമദ്യ ചില്ലറ വിൽപ്പനഷാപ്പുകൾ	90
വിദേശമദ്യ ബാറുകൾ	236

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്.

(ഇ) മദ്യത്തിന്റെ പരസ്യം നിയമം മൂലം തടഞ്ഞിട്ടുണ്ട്. കൂടാതെ ദേവാലയങ്ങളുടേയും വിദ്യാലയങ്ങളുടേയും ശ്മശാനങ്ങളുടേയും 400 മീറ്ററിനുള്ളിൽ കള്ള്, ചാരായം (ചില്ലറ) ഷാപ്പുകൾ സ്ഥാപിക്കുവാൻ അനുവദിക്കുന്നില്ല. വിദേശമദ്യ (മൊത്ത) ഷാപ്പുകളും വിദേശമദ്യ ബാറുകളും വിദ്യാലയങ്ങളുടേയും ദേവാലയങ്ങളുടേയും ശ്മശാനങ്ങളുടേയും 200 മീറ്റർ പരിധിക്കുള്ളിൽ പാടില്ലായെന്നും ഹരിജൻ ഗിരിജൻ കോളനികളിലും, പ്രോജക്ട് ഏരിയാകളിലും യാതൊരുവിധ മദ്യഷാപ്പുകളും പാടില്ലായെന്നും ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. മദ്യനിരോധനസമിതികളുടെ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് പ്രോൽസാഹനം നൽകുന്നുണ്ട്.

ബാർ ലൈസൻസുള്ള ഹോട്ടലുകൾ

1011 [1902] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. ശങ്കരനാരായണപിള്ള:
,, കെ. കെ. ബാലകൃഷ്ണൻ:
,, പി. വിജയദാസ്:
,, എ. വി. താമരാക്ഷൻ:
,, എ. കെ. ശശീന്ദ്രൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിപ്പോൾ ബാർ ലൈസൻസുള്ള എത്ര ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിന്റെ ജില്ലതിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്തു വയ്ക്കാമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് ആകെ ബാർ ലൈസൻസുള്ള എത്ര ഹോട്ടലുകൾ ഉണ്ടായിരുന്നു;

(ഡി) ബാർ ലൈസൻസ് ഹോട്ടലുകൾക്ക് നൽകുന്നതിന്റെ മാനദണ്ഡം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ (1902) കാണുക]

ബാർ ലൈസൻസിനു അപേക്ഷിക്കുന്ന ഹോട്ടലിൽ വാടകയ്ക്ക് കൊടുക്കാവുന്ന പത്ത് മുറികളും ഉണ്ടായിരിക്കണം. മുറികളുടേയും കുളിമുറികളുടേയും തറ വിസ്തീർണ്ണം (കാർപ്പറ് ഏരിയ) താഴെ പറയുന്ന അളവുകളിലായിരിക്കണം.

എ/സി (സിംഗിൾ)	140 ചതു. അടി
എ/സി (ഡബിൾ)	180 ,,
എ/സി ഇല്ലാത്ത (സിംഗിൾ)	160 ,,
എ/സി ഇല്ലാത്ത (ഡബിൾ)	220 ,,

കുളിമുറി 40 ചതു. അടി (ഷവർ ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ)

കുളിമുറി 45 ചതു. അടി (ബാത്ത് ടബ് ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ)

ഇവകൂടാതെ താഴെപ്പറയുന്ന പൊതു സൗകര്യങ്ങളും പ്രത്യേകതകളും സേവകരും ഉണ്ടായിരിക്കണം.

ടൂ സ്റ്റാർ സൗകര്യങ്ങൾ

കെട്ടിടം നല്ല രീതിയിൽ പണികഴിപ്പിച്ചിട്ടുള്ളതും, സ്ഥലവും പരിസരങ്ങളും എത്തിച്ചേരാനുള്ള സൗകര്യങ്ങളും ഒരു നല്ല ഹോട്ടലിന് അനുയോജ്യമായിരിക്കേണ്ടതുമാണ്. ഹോട്ടലിന് ചുരുങ്ങിയത് വാടകയ്ക്ക് കൊടുക്കാൻ പത്ത് മുറികളും ഉണ്ടായിരിക്കേണ്ടതും അവയിൽ 75% മുറികളും കുളിമുറിയോടുകൂടിയവയും ആയിരിക്കണം. മറ്റുള്ള മുറികളെ സംബന്ധിച്ചിടത്തോളം നാലു മുറികൾക്ക് ഒന്ന് എന്ന തോതിൽ കുളിമുറികളും ഉണ്ടായിരിക്കണം. കുളിമുറികളിൽ ഷവറും ഉണ്ടായിരിക്കണം. കുളിമുറികളിൽ ആധുനിക രീതിയിലുള്ള സാനിട്ടേഷൻ സൗകര്യങ്ങളും, തണുത്ത വെള്ളം, ആവശ്യാനുസരണം ചൂടുവെള്ളം, സോപ്പ്, ടോയ്ലറ് പേപ്പർ എന്നിവ സജ്ജീകരിച്ചിരിക്കണം. 25% മുറികളും എ/സി ഉള്ളതായിരിക്കണം (ഹിൽ സ്റ്റേഷനുകളിൽ ഇത് ആവശ്യമില്ല). പക്ഷേ അവിടങ്ങളിൽ എല്ലാ മുറികളിലും ചൂട് ക്രമീകരിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കണം.) എല്ലാമുറികൾക്കും ശരിയായ വെന്റിലേഷൻ ഉണ്ടായിരിക്കണം. മുറികളിൽ വൃത്തിയുള്ളതും സൗകര്യമുള്ളതുമായ ഫർണീച്ചർ ആവശ്യത്തിനുണ്ടായിരിക്കണം. മോടി പിടിപ്പിച്ച ഒരു ലോബ്ബും ഉണ്ടായിരിക്കണം.

സൗകര്യങ്ങൾ

ഹോട്ടലിൽ ടെലഫോണോടുകൂടിയ ഒരു സ്വീകരണ കൗണ്ടർ ഉണ്ടായിരിക്കണം. ഓരോ മുറിയിലും ടെലഫോണോ അല്ലെങ്കിൽ കാൾ ബെല്ലോ ഉണ്ടായിരിക്കണം. എല്ലാ മുറിയിലും ടെലഫോൺ ഇല്ലെങ്കിൽ കെട്ടിടത്തിന്റെ ഓരോ നിലയിലും ഓരോ ഫോൺ ഉണ്ടായിരിക്കണം. സുസജ്ജവും വെടിപ്പായി സൂക്ഷിക്കപ്പെടുന്നതുമായ ഡൈനിംഗ് റൂം/റസ്റ്റാറന്റ് ഉണ്ടായിരിക്കണം. അവിടെ വിവേസമൃദ്ധവും വൃത്തിയുള്ളതും സ്വാദിഷ്ടവുമായ ആഹാരം വിതരണം ചെയ്യേണ്ടതുമാണ്. വൃത്തിയും വെടിപ്പും സുസജ്ജവുമായ ഒരു അടുക്കളയും പാൻട്രിയും ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പരിചരണം

ഭംഗിയായും വൃത്തിയായും യൂണിഫോറം ധരിച്ച പരിചയസമ്പന്നരും സേവനോൽസുകരും കഴിവുള്ളവരുമായ പരിചാരകർ ഉണ്ടായിരിക്കണം. സന്ദർശകരുമായി നേരിട്ട് ബന്ധപ്പെടേണ്ട സൂപ്പർവൈസറി ജീവനക്കാർ ഇംഗ്ലീഷ് അറിഞ്ഞിരിക്കണം. തുണികൾ അലക്കുവാനും ഡ്രൈക്ലീൻ ചെയ്യുവാനും സൗകര്യം ഉണ്ടായിരിക്കണം. ഹോട്ടലിലെ മുറി സജ്ജീകരണം നല്ല നിലവാരവും വൃത്തിയുമുള്ളതും ലിനൻ, ബ്ലാങ്കറ്റ്, ടവ്വൽ തുടങ്ങിയവയും നൽകിയിരിക്കണം. അതുപോലെത്തന്നെ ക്രോക്കറി, കത്തി, മുള്ള്, സ്ഫടിക പാത്രങ്ങൾ തുടങ്ങിയവയും നല്ലയിനത്തിൽ ഉള്ളവയായിരിക്കണം.

ഇവയ്ക്കെല്ലാം പുറമെ ഹോട്ടൽ സ്ഥിതി ചെയ്യുന്നത് വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, പൊതു ശ്മശാനങ്ങൾ തുടങ്ങിയവയിൽനിന്നും 200 മീറ്റർ അകലെയായിരിക്കണം. 1.5 ലക്ഷം രൂപ വാർഷിക ലൈസൻസ് ഫീസ് അടയ്ക്കേണ്ടതുമാണ്.

അനുബന്ധം—III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (1938) കാണുക]

തിരുവനന്തപുരം ജില്ല

	ബ്ലോക്കിന്റെ പേര്	എൻ.ആർ.ഇ.പി. ഇനത്തിൽ 1982-83 മുതൽ 1985-86വരെയുള്ള ബ്ലോക്ക് തിരിച്ചുള്ള ചെലവ്	ആർ.എൽ.ഇ.ജി.പി ഇനത്തിൽ 1982-83 മുതൽ 1985-86വരെയുള്ള ബ്ലോക്ക് തിരിച്ചുള്ള ചെലവ്
1.	അതിയന്നൂർ	39,73,954	8,55,412
2.	പാറശ്ശാല	73,06,499	14,55,828
3.	നേമം	73,05,058	9,99,498
4.	തിരുവനന്തപുരം റൂറൽ	19,06,681	19,18,936
5.	കഴക്കൂട്ടം	42,63,966	15,66,678
6.	നെടുമങ്ങാട്	65,50,733	17,92,277
7.	ചിറയിൻകീഴ്	21,20,776	9,54,713
8.	വർക്കല	26,43,213	11,47,213
9.	പെരുങ്കടവിള	1,16,80,141	19,89,917
10.	വെള്ളിനാട്	64,76,918	16,48,406
11.	വാമനപുരം	82,32,973	22,56,300
12.	കിളിമാനൂർ	20,87,643	19,18,224
	ആകെ	6,45,48,554	1,85,63,402

LIBRARY ARCHIVES Kerala Legislative Assembly